REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-11-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അയോദ്ധ്യയിലെ ശ്രീരാമ ജന്മഭൂമി ക്ഷേത്രം സന്ദർശിക്കും.**
- **സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ അന്തിമ ചിത്രമായതോടെ പ്രചാരണം ശക്തമായി. മത്സരരംഗത്ത് 72,000 ലേറെ സ്ഥാനാർത്ഥികൾ.**
- **തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 99 ശതമാനത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.**
- **കേരളത്തിൽ 76 ലക്ഷത്തിൽ പരം എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.**
- **ഗോഹട്ടി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 288 റൺസ് ഒന്നാം ഇന്നിംഗ്സ് ലീഡ്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അയോദ്ധ്യയിലെ ശ്രീരാമ ജന്മഭൂമി ക്ഷേത്രം സന്ദർശിക്കും. ഉച്ചക്ക് ധ്വജാരോഹണ ചടങ്ങിൽ അദ്ദേഹം സംബന്ധിക്കും. ക്ഷേത്ര സമുച്ചയത്തിലെ സപ്ത മന്ദിരങ്ങളിലും പ്രധാനമന്ത്രി ദർശനം നടത്തും. ഉച്ചക്ക് ക്ഷേത്ര പൂർത്തീകരണത്തിന്റെ പ്രതീകമായ പതാക പ്രധാനമന്ത്രി ഉയർത്തുകയും ചെയ്യും.

✪✪✪

ഇന്ത്യയുടെ പുതിയ ചീഫ് ജസ്റ്റിസ് ആയി സ്ഥാനമേറ്റ ജസ്റ്റിസ് സൂര്യകാന്തിന്റെ ബഹുമാനാർത്ഥം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ അത്താഴ വിരുന്ന് നൽകി. ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്,അമിത് ഷാ, മുൻ ചീഫ് ജസ്റ്റിസ് BR ഗവായ്, തുടങ്ങിയവരും സുപ്രീം കോടതി ജഡ്ജിമാരും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരും വിരുന്നിൽ പങ്കെടുത്തു.

✪✪✪

കേന്ദ്രത്തിന്റെ പുതിയ തൊഴിൽ ചട്ടങ്ങളെ അനുമോദിച്ച് ഇൻഡസ്ട്രീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ അസോസിയേഷൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. പുതിയ ചട്ടങ്ങളാവിഷ്കരിച്ച ചരിത്രപരമായ  നടപടി രാജ്യത്ത് നവീനവും സുതാര്യവും നീതിനിഷ്ഠവുമായ തൊഴിൽ ചട്ടക്കൂടിന് ഗവൺമെന്റിന്റെ പ്രതിബദ്ധത വെളിപ്പെടുത്തുന്നതാണെന്ന് അസോസിയേഷൻ ദേശീയ പ്രസിഡന്റ് SK ശർമ്മ അഭിപ്രായപ്പെട്ടു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ 99 ശതമാനത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 50 കോടി 50 ലക്ഷത്തിലേറെ ഫോമുകളാണ് വിതരണം ചെയ്തത്. ഈ മാസം നാലിന് കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് തീവ്ര വോട്ടർപട്ടിക പരിഷ്കരണം ആരംഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വോട്ടർപട്ടിക 2026 ഫെബ്രുവരി ഏഴിന് പ്രസിദ്ധീകരിക്കും.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 76 ലക്ഷത്തി 40,000ത്തിനടുത്തെത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു.  വിതരണം ചെയ്ത ഫോമുകളുടെ 27.42% ആണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം രണ്ട് ലക്ഷത്തി 13,370 ആയി ഉയർന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.  ഫോമുകൾ സ്വീകരിച്ച് അപ്‌ലോഡ് ചെയ്യാൻ ബൂത്ത് ലെവൽ ഓഫീസർമാർ 'കളക്ഷൻഹബ്ബുകൾ' കേന്ദ്രീകരിച്ച് ഇന്നും പ്രവർത്തനം തുടരും.

✪✪✪

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാൻ സമയ പരിധി ഇന്നലെ അവസാനിച്ചതോടെ പ്രചാരണം കൂടുതൽ ശക്തമായി.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

.......വോയ്സ്......

ആരൊക്കെയാണ് തെരഞ്ഞെടുപ്പു പോരാട്ടത്തിലുള്ളതെന്ന യഥാർത്ഥ ചിത്രം തെളിഞ്ഞതോടെ പ്രചാരണ രംഗവും അതിന്റെ ഉച്ഛസ്ഥായിയിലെത്തിയിരിക്കുകയാണ്. ഇന്നലെ രാത്രി വൈകി ലഭിച്ച കണക്കുകൾ പ്രകാരം 72005 സ്ഥാനാർത്ഥികളാണ് സംസ്ഥാനത്ത് ഒട്ടാകെ മൽസര രംഗത്തുള്ളത്. സാങ്കേതിക കാരണങ്ങളാൽ കൂട്ടിച്ചേർക്കാനുള്ള കണക്കുകൾ കൂടിയാകുമ്പോൾ ഇതിൽ ചെറിയ വ്യത്യാസം വന്നേക്കാം. അതിനിടെ തെരഞ്ഞെടുപ്പു ജോലിക്കു നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കായുള്ള പരിശീലനത്തിന് ഇന്നു വിവിധ കേന്ദ്രങ്ങളിൽ തുടക്കമാകും.

വെള്ളിയാഴ്ച വരെ പരിശീലന പരിപാടികൾ തുടരും. തെരഞ്ഞെടുപ്പു ജോലിക്കു നിയോഗിച്ചിട്ടുള്ളവർക്കായുള്ള തപാൽ ബാലറ്റ് വിതരണത്തിന് നാളെ തുടക്കമാകും.

✪✪✪

കണ്ണൂർ ജില്ലയിലെ മൂന്ന് തദ്ദേശ സ്ഥാപനങ്ങളിലായി 14 സ്ഥാനാർത്ഥികളെ എതിരില്ലാതെ തെരഞ്ഞെടുത്തതായി വരണാധികാരികൾ അറിയിച്ചു. ആന്തൂർ നഗരസഭയിൽ അഞ്ചുപേരും, മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ മൂന്ന് പേരും, കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ആറുപേരും ആണ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

✪✪✪

കോഴിക്കോട്ജില്ലയിലെ തദ്ദേശ തിരഞ്ഞെടുപ്പ് പൊതുനിരീക്ഷകനായി ജോസഫ് തോമസ് IFS നെ നിയോഗിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ ഡിസംബർ ഒമ്പത് വരെ ഓൺലൈനായോ ഗവ. ഗസ്റ്റ് ഹൗസിലെ ക്യാമ്പ് ഓഫീസിൽ നേരിട്ടോ നൽകാവുന്നതാണ്.

✪✪✪

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്ന അന്താരാഷ്ട്ര ദിനം ഇന്ന് ആചരിക്കുന്നു. ആഗോള തലത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ആവശ്യമായ വർദ്ധിച്ച നയരൂപീകരണമാണ് ദിനാചരണ ലക്ഷ്യം. 2008-ലാണ് ഐക്യരാഷ്ട്ര സഭ ദിനാചരണത്തിന് തുടക്കം കുറിച്ചത്.

✪✪✪

ഗോവയിൽ 19-ാമത് വേവ്സ് ഫിലിം ബസാർ 2025 സമാപിച്ചു. 56-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയോട് അനുബന്ധമായി സംഘടിപ്പിച്ച വേവ്സ് ഫിലിം ബസാറിൽ ചലച്ചിത്ര നിർമ്മാതാക്കൾ, വളർന്നുവരുന്ന പ്രതിഭകൾ തുടങ്ങിയവർ പങ്കെടുത്തു.

വേവ്സ് ഫിലിം ബസാറിന്റെ 20-ാം പതിപ്പ് അടുത്ത വർഷം വിപുലീകരിക്കുമെന്ന് ഫിലിംസ് ജോയിന്റ് സെക്രട്ടറി ഡോ. അജയ് നാഗഭൂഷൺ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ചവരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മസ്കറ്റിലേക്ക് സർവീസ് നടത്തുന്ന വിമാന ഓപ്പറേറ്റർമാർക്ക് സിവിൽ വ്യോമയാന ഡയറക്ടറേറ്റ് ജനറൽ സുരക്ഷാ നിർദേശം നൽകി. എത്യോപ്യൻ മേഖലയിൽ അഗ്നിപർവത സ്ഫോടനത്തെ തുടർന്ന് പുകയും ചാരവും ഉയരുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്നാണ് നിർദേശം. വിമാന എഞ്ചിനുകൾക്കും മറ്റ് സംവിധാനങ്ങൾക്കും പുകയും ചാരവും ഭീഷണിയായേക്കുമെന്നാണ് മുന്നറിയിപ്പ്. ഇന്നലെ ചാരവും പുകയും ഡൽഹിയും പഞ്ചാബും അടക്കം ഇന്ത്യയുടെ വടക്ക് - പടിഞ്ഞാറൻ മേഖല വരെ എത്തിയിരുന്നു.

ആകാശ് എയറും ഇൻഡിഗോയും അടക്കം ഏതാനും എയർലെയ്ൻസുകൾ സർവീസുകൾ റദ്ദാക്കിയിരുന്നു.

✪✪✪

വനിതാ കബഡി ലോകകപ്പ് തുടർച്ചയായ രണ്ടാം തവണയും ഇന്ത്യ സ്വന്തമാക്കി. ധാക്കയിൽ ചൈനീസ് തായ്പേയിയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ജേതാക്കളായത്.

ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. യുവ അത്‌ലറ്റുകൾക്ക് വലിയ സ്വപ്നങ്ങൾ കാണാനും ഉയർന്ന ലക്ഷ്യങ്ങൾ നേടാനും വിജയം പ്രചോദനമാകുമെന്ന് അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു. കബഡി ലോകകപ്പ് നേടിയ വനിതാ ടീമിനെ ആഭ്യന്തരമന്ത്രി അമിത് ഷായും അഭിനന്ദിച്ചു.

✪✪✪

ഗോഹട്ടിയിൽ ഇന്ത്യ - ദക്ഷിണാഫ്രിക്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ 201 റൺസിന് ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ പുറത്തായി. രണ്ടാം ഇന്നിംഗ്സ് ആരംഭിച്ച ദക്ഷിണാഫ്രിക്ക വിക്കറ്റ് നഷ്ടപ്പെടാതെ 26 റൺസെടുത്തിട്ടുണ്ട്. ആദ്യ ഇന്നിംഗ്സിൽ 489 റൺസെടുത്ത ദക്ഷിണാഫ്രിക്ക ഇതോടെ, 288 റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡ് നേടി. ആറ് വിക്കറ്റ് വീഴ്ത്തിയ ദക്ഷിണാഫ്രിക്കൻ പേസർ മാർക്കോ ജാൻസനാണ് ഇന്ത്യയുടെ ബാറ്റിംഗ് നിരയെ തകർത്തത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ സെമി യോഗ്യത നേടുന്ന ആദ്യ ടീമായി കാലിക്കറ്റ് FC മാറി. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ മലപ്പുറം FC യെ ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചാണ് കാലിക്കറ്റ് സെമി ഉറപ്പിച്ചത്. എട്ട് റൗണ്ട് മത്സരം പൂർത്തിയായപ്പോൾ കാലിക്കറ്റ് 17 പോയന്റുമായി ഒന്നാമതാണ്. 10 പോയന്റോടെ മലപ്പുറം നാലാം സ്ഥാനത്തുണ്ട്.

മറ്റന്നാൾ ഒൻപതാം റൗണ്ടിലെ ആദ്യ മത്സരത്തിൽ തൃശൂർ മാജിക് FC, ഫോഴ്സ കൊച്ചി FCയെ നേരിടും. തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 7.30നാണ് കിക്കോഫ്.

✪✪✪

ശബരിമല ദർശനത്തിന് തിരക്ക് വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഇന്ന് സ്പോട്ട് ബുക്കിംഗ് 5,000 ആയി നിജപ്പെടുത്തി. വെർച്ചൽ ക്യൂ ബുക്കിംഗ് വഴി എഴുപതിനായിരം ഭക്തർക്കും ദർശനത്തിന് അവസരമുണ്ട്.

✪✪✪

മലപ്പുറം വെട്ടത്തുനാട് ഹിന്ദുധർമ്മ പരിഷത്ത് വിളംബര സമ്മേളനവും ഗുരുസ്വാമി വന്ദനവും ആലത്തിയൂർ നമ്പില്ലത്ത് കൊളത്തൂർ അദ്വൈതാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരി ഉദ്ഘാടനം ചെയ്തു.

സ്വത്വം തിരിച്ചറിയുകയും തിരിച്ചറിയിക്കുകയുമാകണം ഓരോരുത്തരുടേയും ലക്ഷ്യമെന്ന് സ്വാമി ചിദാനന്ദപുരി പറഞ്ഞു.

✪✪✪

അടുത്ത കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഡിസംബർ 26നകം പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നിർദേശം നൽകി. ഒഴിവുകൾ ഡിസംബർ 30നകം സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട വകുപ്പിനും ഉദ്യോഗസ്ഥ പരിഷ്കാര വകുപ്പിനും കൈമാറേണ്ടതാണ്.

✪✪✪

കോഴിക്കോട് റവന്യു ജില്ലാ കലോത്സവത്തിലെ സ്റ്റേജ്മത്സരങ്ങൾ ഇന്ന് കൊയിലാണ്ടിയിൽ ആരംഭിക്കും. 17 ഉപജില്ലകളിൽ നിന്ന് 1,100-ഓളം വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. രചനാ മത്സരങ്ങൾ ഇന്നലെ നടത്തിയിരുന്നു.

✪✪✪

കോഴിക്കോട്ട് എക്സൈസ് ഡാൻസാഫ് സംഘം 250 ഗ്രാം MDMA യും 44 ഗ്രാം മറ്റ് ലഹരി സാധനങ്ങളും LSD സ്റ്റാമ്പുകളും പിടികൂടി. ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് സ്വദേശികളായ മുഹമ്മദ് സഹദ്, ഇർഫാൻ എന്നിവരെ കസ്റ്റഡിയിലെടുത്തു. കണ്ണൂരിൽ നിന്ന് ടൂറിസ്റ്റ് ബസിൽ എത്തിയ ഇവർ വാട്ടർഹീറ്ററിന്റെ സ്റ്റീൽ ടാങ്കിനുള്ളിൽ ഒളിപ്പിച്ചാണ് ലഹരിമരുന്ന കടത്താൻ ശ്രമിച്ചത്.

✪✪✪

കോഴിക്കോട് ലളിത കലാ അക്കാദമിയിൽ അഞ്ച് ദിവസത്തെ VS അച്യുതാനന്ദൻ അനുസ്മരണ പരിപാടികൾ ഇന്നാരംഭിക്കും. നാളെ ടൗൺഹാളിൽ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് ചെലമേശ്വർ പങ്കെടുക്കും.

✪✪✪

114 -ാ മത് അയിരൂർ - ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്ത് 2026 ഫെബ്രുവരി 15 മുതൽ 22 വരെ പമ്പാ മണൽപുറത്ത് നടത്തുമെന്ന്  ഹിന്ദുമത പരിഷത്ത് ജനറൽ സെക്രട്ടറി AR വിക്രമൻ പിള്ള അറിയിച്ചു.  മത - സാംസ്കാരിക നേതാക്കളും, ആധ്യാത്മിക ആചാര്യന്മാരും, കേന്ദ്ര-സംസ്ഥാന മന്ത്രിമാരും, പരിഷത്തിൽ പങ്കെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിന്റെ സഹകരണത്തോടെ ആകാശവാണി തിരുവനന്തപുരം നിലയം ഹൈസ്കൂൾ വിദ്യാർഥികൾക്കായി നാളെ ഭരണഘടനാദിന പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കും. രാവിലെ 10 മുതൽ ആകാശവാണി തിരുവനന്തപുരം നിലയത്തിലാണ് മത്സരം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്, സബിത ആനന്ദ്*
*DEO : സി കെ സുബോധ്*